പത്തനംതിട്ട	...	9
കോഴിക്കോട്	...	10
കോട്ടയം	...	20
ഇടുക്കി	...	15
എറണാകുളം	...	24
തൃശ്ശൂർ	...	14
മലപ്പുറം	...	3
കണ്ണൂർ	...	15
പാലക്കാട്	...	18
കാസർഗോഡ്	...	3
വയനാട്	...	4

(സി) & (ഡി) ഉണ്ട്. ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിക്കുകയും കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് താഴെ പറയുന്ന പ്രധാന കാര്യങ്ങളിൽ പരിഹാരം കാണാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ടാക്സ് ഹോളിഡേ കുറയ്ക്കുക, വീഡിയോ പൈറസി തടയുക, തീയേറ്ററുകൾക്ക് സ്പെഷ്യൽ വൈദ്യുതി നിരക്ക് ഏർപ്പെടുത്തുക, ടേൺഓവർ ടാക്സ് പിൻവലിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. എന്റർടൈൻമെന്റ് ടാക്സ് കുറയ്ക്കാൻ സർവ്വീസ് ചാർജ് പരിഷ്കരണം എന്നിവ നടപ്പിലാക്കി കഴിഞ്ഞു.

അവശകലാകാരൻമാർക്കുള്ള പെൻഷൻ വിതരണം

157 [3858] *ശ്രീ. ടി. യു. രാധാകൃഷ്ണൻ :*
ശ്രീമതി രാധാരാഘവൻ :
ശ്രീ. എം. എം. ഹസ്സൻ :
,, എ. കെ. മണി :
,, കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അവശകലാകാരൻമാർക്ക് പെൻഷൻ കൊടുത്തു വരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ ഈ മന്ത്രി സഭയുടെ കാലത്ത് എത്ര പേർക്ക് പെൻഷൻ കൊടുത്തു എന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1427 പേർക്ക്.

(ബി) 201 പേർക്ക്.

സാംസ്കാരിക വകുപ്പിന്റെ അവാർഡുകൾ

158 [3859] *ശ്രീ. ടി. എം. ജേക്കബ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരികവകുപ്പ് സംസ്ഥാനതലത്തിൽ ഏതെല്ലാം കലാവിഭാഗത്തിലുള്ള കലാകാരൻമാർക്കാണ് അവാർഡുകൾ നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ചലച്ചിത്ര, ടി. വി. അവാർഡുകൾ എന്നുമുതലാണ് നിലവിൽ വന്നത് എന്ന് പറയാമോ;

(സി) ഏതെല്ലാം ഇനങ്ങൾക്കാണ് ഇപ്പോൾ അവാർഡ് നൽകുന്നത്;

(ഡി) ജെ. സി. ദാനിയേൽ അവാർഡ് ഏത് വർഷം മുതലാണ് ഏർപ്പെടുത്തിയത്;

(ഇ) ഈ അവാർഡ് തുകകൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സാഹിത്യം, കഥകളി, താള-മേള-വാദ്യം, മോഹിനിയാട്ടം, കൃഷ്ണനാട്ടം, കൂടിയാട്ടം, നങ്ങ്യാർകൂത്ത്, കേരളനടനം, ചിത്രശിൽപ്പകല, സംഗീതം എന്നീ വിഭാഗത്തിലുള്ള കലാകാരൻമാർക്കാണ് അവാർഡ് നൽകുന്നത്.

(ബി) ചലച്ചിത്ര അവാർഡ്—1969 മുതൽ
ടി. വി. അവാർഡ്—1991.

(സി) ചലച്ചിത്ര അവാർഡുകൾ :

ഏറ്റവും നല്ല കഥാചിത്രം (നിർമ്മാതാവ്, സംവിധായകൻ), രണ്ടാമത്തെ ചിത്രം (നിർമ്മാതാവ്, സംവിധായകൻ), സംവിധാനം, നടൻ, നടി, സഹനടൻ, സഹനടി, ബാലതാരം, കഥാകൃത്ത്, തിരക്കഥാകൃത്ത്, ഛായാഗ്രാഹകൻ, ചിത്രസംയോജകൻ, കലാ സംവിധായകൻ, സംഗീതസംവിധായകൻ (പശ്ചാത്തലം, ഗാനം), ഗാനരചയിതാവ്, ഗായകൻ, ഗായിക, ശബ്ദലേഖകൻ, ലബോറട്ടറി, വസ്ത്രാലങ്കാരം, ചമയം, ഡബ്ബിംഗ് ആർട്ടിസ്റ്റ്, കഥേതരചിത്രം (നിർമ്മാതാവ്, സംവിധായകൻ) കുട്ടികളുടെ ചിത്രം (നിർമ്മാതാവ്, സംവിധായകൻ) കുട്ടികളുടെ ചിത്രത്തിന്റെ സംവിധാനം, ജനപ്രീതിയും കലാമേൻമയുമുള്ള ചിത്രം (നിർമ്മാതാവ്, സംവിധായകൻ), നവാഗത സംവിധായകൻ,

LIBRARY ARCHIVES Kerala Legislative Assembly